I.ഇ.ബി. XIIകേരള നിയമസഭ/VIII-11

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂലായ് 9, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) പട്ടികസമുദായ കുടുംബങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. കെ.കെ. ഷാജു: സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾക്കു നൽകിയ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എസ്.സി./എസ്.ടി. രംഗത്ത് നടപ്പാക്കിയ വികസന പദ്ധതികളും അതിന്റെ പുരോഗതിയും പുനരവലോകനം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തുകൾക്ക് നൽകുന്ന എസ്.സി./എസ്.ടി. ഫണ്ട് വാർഡുകൾക്ക് തുല്യമായി വീതിച്ചുകൊടുക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. അതുപോലെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച വായ്പ എഴുതിത്തള്ളുന്നതിന്റെ പരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന

കോർപ്പറേഷനിൽ നിന്നെടുത്തിട്ടുള്ള വായ്പകൾകൂടി ഉൾപ്പെടുത്തണം. കേന്ദ്ര ഗവണ്മെന്റ് മാനദണ്ഡമനുസരിച്ചുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനിയിൽ മാത്രമേ കോർപ്പസ് ഫണ്ടുപയോഗിച്ച് റോഡ്, വൈദ്യുതി, കുടി വെള്ളം തുടങ്ങിയ കാര്യങ്ങൾ ചെയ്യാവൂ എന്ന നിബന്ധനയുള്ളതിനാൽ അത്രയും പട്ടികജാതിക്കാരില്ലാത്തതിന്റെ പേരിൽ പല റോഡുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. അതുകൊണ്ട് കോർപ്പസ് ഫണ്ടിലെ പണം കാര്യക്ഷമമായ പദ്ധതികൾക്കാണോ വിനിയോഗിക്കുന്നത് എന്നതുസംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിനും പ്രസ്തുത ഫണ്ട് ഉപ യോഗിക്കുന്നതിനുള്ള കർശന നിയന്ത്രണത്തെ സംബന്ധിച്ച് ഗൗരവമായി പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രത്യേക ഘടക പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുപ യോഗിച്ച് റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ നടപ്പിലാക്കുമ്പോൾ അതിന്റെ ഗുണഭോക്താക്കളിൽ കുറഞ്ഞത് 51% പേരെങ്കിലും പട്ടികജാതി വിഭാഗക്കാരായിരിക്കണമെന്നുള്ള കേന്ദ്രവ്യവസ്ഥയുണ്ട്. പട്ടികജാതി വിഭാഗങ്ങൾ 51%-ൽ കുറവുള്ള സാഹര്യത്തിൽ ജനറൽ ഫണ്ടുപയോഗിച്ച് പശ്ചാത്തല വികസന പദ്ധതികൾ നടപ്പാക്കാവുന്നതാണ്. സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ ങ്ങളിൽ 65% വർദ്ധനവ് വരുത്തുകയും ലംപ്സം ഗ്രാന്റും നാലുമാസത്തെ സ്റ്റൈപ്പന്റും ജൂൺ മാസത്തിൽ തന്നെ വിതരണം ചെയ്യുന്നതിന് തുക മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള വാർഷിക ലംപ്സം ഗ്രാന്റിനും സ്റ്റൈപ്പന്റിനുംആവശ്യമായ തുക മുൻകൂറായി നൽകുകയും

അവ യഥാസമയം നൽകുന്നുവെന്ന് ഉറപ്പുവരുത്തി അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർ എന്നിവർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നീ ഇനങ്ങളിലായി പട്ടികജാതി വികസന വകുപ്പ് 21.94 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 8.59 കോടി രൂപയും റിലീസ് ചെയ്തിട്ടുണ്ട്. പഞ്ചായത്തുകൾക്ക് നൽകുന്ന ഫണ്ട് പുന:പരിശോധിക്കുന്നതു സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പ് സർവ്വേ നടത്തിക്കൊണ്ടിരിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളുന്നതിനെ സംബന്ധിച്ച് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. പ്രസ്തുത വിഭാഗത്തിനുവേണ്ടി സർക്കാർ നീക്കിവയ്ക്കുന്ന തുക വകമാറ്റി ചെലവഴിക്കുകയാണെങ്കിൽ അവ പരിഹാര തുകയായി കണക്കാക്കി പ്ലാൻ ഫണ്ടിൽ നിന്നും കട്ട് ചെയ്യാമെന്നുള്ള ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള റോഡുകളുമായി ബന്ധപ്പെട്ട നോംസ് റിലാക്സ് ചെയ്യുന്ന കാര്യം കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. നിലവിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വീടുവയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും വേണ്ടി അനുവദിച്ചിരിക്കുന്ന തുകയിൽ വർദ്ധനവു വരുത്തിയിട്ടുണ്ട്.

(2) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം

ശ്രീ.എൻ. രാജൻ: സംസ്ഥാനത്ത് അനാഥാലയങ്ങൾക്കും അഗതി മന്ദിരങ്ങൾക്കും മറ്റു സംരക്ഷണ സ്ഥാപനങ്ങൾക്കും അംഗീകാരം നൽകുക കയും അവയെ നിയന്ത്രിക്കുകയും ചെയ്യുന്ന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഏതാണ്ട് 1200-ഓളം അനാഥാലയങ്ങളും അഗതി മന്ദിരങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും അംഗീകാരത്തോടെ പ്രവർത്തി ക്കുന്നുണ്ടെങ്കിലും അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. ഇതുസംബന്ധിച്ച് സാമൂഹ്യക്ഷേമ വകുപ്പിന്റെ കൃത്യമായ പരിശോധനയുണ്ടാകണം. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്ത നത്തിനാവശ്യമായ കെട്ടിടവും സ്റ്റാഫും നൽകുന്നതിനും അതിന്റെ ചെയർമാന് ഒരു വാഹനം അനുവദിക്കുന്നതിനും നടപടികളുണ്ടാകണം. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സംസ്ഥാനത്തൊട്ടാകെയുള്ള 1200-ഓളം വരുന്ന അംഗങ്ങൾക്ക് ഒക്ടോബറിൽ നടക്കുന്ന തെരഞ്ഞെ ടുപ്പിൽ വോട്ടുചെയ്യുന്നതിനായി പോസ്റ്റൽ ബാലറ്റ് അയച്ചുകൊടുക്കുകയോ അതാത് ജില്ലകളിലെ സാമൂഹ്യക്ഷേമ വകുപ്പിന്റെ ജില്ലാ ഓഫീസിൽ പോളിംഗ് സ്റ്റേഷൻ ഏർപ്പാടാക്കുകയോ ചെയ്യണം. അനാഥരുടേയും അഗതി കളുടേയും അമ്മയായ മദർതെരേസയുടെ ജന്മദിനമായ ആഗസ്റ്റ് 27 'ഓർഫൻസ് ഡേ' ആയി ആചരിക്കാൻ തീരുമാനമുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം അനാഥാലയങ്ങളേയും അഗതി മന്ദിരങ്ങളേയും

നിയന്ത്രിക്കുകയും അവയ്ക്ക് അംഗീകാരം നൽകുകയും ചെയ്യുന്ന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. 2008-09 -ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി ഒരു ഹെഡ് ഓഫ് അക്കൗണ്ട് തുടങ്ങി 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും ബോർഡിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അഡീഷണൽ ആതറൈസേഷൻ വഴി 3 ലക്ഷം രൂപ അനുവദിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെയർമാന് 7500 രൂപയിൽ കവിയാത്ത തുകയ്ക്ക് കാർ വാടകയ്ക്കെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള 1412 സ്ഥാപനങ്ങളിലായി 70,120 അന്തേവാസികളെ പാർപ്പിക്കുന്നതിന് ബോർഡിന് അനുമതി നൽകുകകയും അന്തേവാസികളുടെ സംരക്ഷണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ഓരോ വർഷവും 8 കോടിയോളം രൂപ ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് ഓരോ മാസവും യോഗം ചേർന്ന് അതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുഖേന പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ചെയ്യുന്നു. സാമൂഹ്യക്ഷേമ വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ അധികച്ചുമതല വഹിച്ച് നിലവിലുള്ള യുഡി. ക്ലാർക്കിന്റെ അധികസേവനവും ഉപയോഗപ്പെടുത്തി ബോർഡിന്റെ ദൈനംദിന ജോലികൾ മെച്ചപ്പെട്ട നിലയിൽ നിർവ്വഹിക്കുന്നുണ്ട്. ജില്ലാതലത്തിൽ പോളിംഗ് സ്റ്റേഷനോ പോസ്റ്റൽ ബാലറ്റോ ഏർപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല. മദർതെരേസയുടെ ജന്മദിന

മായ ആഗസ്റ്റ് 27 'ഓർഫൻസ് ഡേ' ആയി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന 1412 സ്ഥാപനങ്ങളിൽ 770 എണ്ണത്തിന് സർക്കാർ ഗ്രാന്റ് നൽകുന്നു. ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ബോർഡിന്റെ വിദേശ സഹായം സംബന്ധിച്ച രേഖകളും കണക്കുകളും പരിശോധിക്കുന്നുണ്ട്. അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്.

**സബ്മിഷൻ**

(1) <u>സ്കൂൾ ലൈബ്രറികളിലേയ്ക്കുള്ള പുസ്തകങ്ങൾ</u>

<u>ശ്രീ. ജോസഫ് എം പുതുശ്ശേരി:</u> വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 12-ാം ധനകാര്യ കമ്മിഷൻ അനുവദിച്ച ഗ്രാന്റിൽ നിന്നും ആറരക്കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ ഹൈസ്കൂൾ ലൈബ്രറികളിലും പുസ്തകങ്ങൾ വാങ്ങാൻ തീരുമാനിക്കുന്നതിനുവേണ്ടി ഒരു സെലക്ഷൻ കമ്മിറ്റിയെ നിയമിക്കുകയും വിദ്യാഭ്യാസ ഡയറക്ടർ സ്കൂൾ ലൈബ്രറികളിൽ വാങ്ങേണ്ട പുസ്തകങ്ങളെക്കുറിച്ച് സെലക്ഷൻ കമ്മിറ്റിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. പ്രസ്തുത നിർദ്ദേശത്തെ മറികടന്നുകൊണ്ട് സെലക്ഷൻ കമ്മിറ്റി എസൻഷ്യൽ എന്നു പറഞ്ഞുകൊണ്ട് ലിസ്റ്റ് ചെയ്തിരിക്കുന്ന പുസ്തകങ്ങളിൽ ഉടൻ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളും പഴയ പുസ്തകങ്ങളും ഉൾപ്പെടുന്നുണ്ട്. അത് സ്കൂൾ ലൈബ്രറികൾക്ക് യോജിച്ചതല്ല. അത്തരം പുസ്തകങ്ങൾക്ക് പകരം കുട്ടികൾക്ക് പ്രയോജനപ്രദവും വിജ്ഞാനപ്രദവുമായവ കൂടാതെ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും

സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ചും ഇന്ത്യയുടെ ചരിത്രത്തെ സംബന്ധിച്ചുമുള്ള പുസ്തകങ്ങൾ വാങ്ങാൻ സ്കൂൾ ലൈബ്രറികൾക്ക് അനുവാദം കൊടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): സ്കൂൾ ലൈബ്രറികളിൽ പുസ്തകങ്ങൾ വാങ്ങലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മാഫിയയെ നിയന്ത്രിക്കാനുള്ള ഒരു ഇടപെടൽ മാത്രമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. പ്രഗൽഭരായ ആളുകളെ ഉൾക്കൊള്ളിച്ച് ഒരു സെലക്ഷൻ കമ്മിറ്റിയുണ്ടാക്കി ഓരോ സ്കൂളിലും അനുപേക്ഷണീയമായി ഉണ്ടാകേണ്ട പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുകയും വെബ്സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എസൻഷ്യൽ ബുക്ക്സിന്റെ ലിസ്റ്റിൽ നിന്നും പുസ്തകങ്ങൾ വാങ്ങണമെന്ന് ഒരു നിർദ്ദേശവും ഗവൺമെന്റ് നൽകിയിട്ടില്ല. സ്കൂളധികൃതർക്ക് ഇഷ്ടമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിന് പരിപൂർണ്ണമായ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. സ്വാതന്ത്ര്യ സമരത്തെക്കുറിച്ചും സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ചും ഇന്ത്യയുടെ ചരിത്രത്തെ സംബന്ധിച്ചുമുള്ള പുസ്തകങ്ങൾ വാങ്ങാൻ സ്കൂൾ ലൈബ്രറികൾക്ക് അനുവാദം നൽകുന്നതാണ്.

(2) റീട്ടെയിൽ റേഷൻ ഡീലേഴ്സ് നേരിടുന്ന പ്രശ്നങ്ങൾ

പ്രൊഫ. കെ.വി. തോമസ്: സംസ്ഥാനത്തെ റീട്ടെയിൽ റേഷൻ ഡീലേഴ്സിന്റെ കമ്മിഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ഭക്ഷ്യധാന്യങ്ങളുടെ അളവ് തിട്ടപ്പെടുത്തുന്നതിന് റേഷൻകടകളിൽ ഇലക്ട്രോണിക് വെയിംഗ് മെഷീൻ സംവിധാനം നടപ്പിലാക്കുന്നതോടൊപ്പം തന്നെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലും പ്രസ്തുത സംവിധാനം

ഉണ്ടാകണം. റീട്ടെയിൽ റേഷൻ വ്യാപാരികളുടെ ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): റീട്ടെയിൽ റേഷൻ വ്യാപാരികളുടെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. റേഷൻകട ലൈസൻസികളുടെ കമ്മിഷൻ വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. സംസ്ഥാനത്തെ എല്ലാ റേഷൻ വിതരണ കേന്ദ്രങ്ങളിലും ഇലക്ട്രോണിക്സ് ത്രാസ് സ്ഥാപിക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ വെയിംഗ് ബ്രിഡ്ജ് സ്ഥാപിച്ചു. ഫുഡ് കോർപ്പറേഷനിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിൽ വ്യത്യാസം വരുന്നുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് നൽകിയിരുന്ന അരിയുടേയും ഗോതമ്പിന്റേയും വിഹിതം ഗണ്യമായി വെട്ടിക്കുറച്ചതുകൊണ്ട് റേഷൻ സമ്പ്രദായം ഫലപ്രദമായി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ ഗവൺമെന്റ് സംഭരിച്ച നെല്ല് കുത്തരിയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഈ ഗവൺമെന്റിന്റെ കാലയളവിൽ വിവിധ പദ്ധതികൾ പ്രകാരം ഇതുവരെ 29,57,24,730 രൂപയുടെ സൗജന്യ റേഷൻ വിതരണം ചെയ്യുകയും ഈവകയിൽ 27,64,93,086 രൂപ വ്യാപാരികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ക്ഷേമനിധി പെൻഷനും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(3).<u>പി.എച്ച് സി, സി.എച്ച്.സി ആയി ഉയർത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ബി. രാഘവൻ</u>: ചടയമംഗലം ബ്ളോക്ക് പരിധിയിലുള്ള വെളിനല്ലൂർ പി.എച്ച്.സി ഒരു സി.എച്ച്.സി ആയി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ)</u> : വെളിനല്ലൂർ ബ്ളോക്ക് പി.എച്ച്.സി. ഒരു സി.എച്ച്.സി. ആയി ഉയർത്തുന്നതിനോട് ഗവൺമെന്റിന് വളരെ അനുഭാവപൂർവ്വമായ സമീപനമാണുള്ളത്. കൂടുതൽ രോഗികൾ ആശ്രയിക്കുന്ന ഒരു ആശുപത്രിയെന്ന നിലയിൽ സംസ്ഥാനത്തെ മറ്റ് ആശുപത്രികളെ അപ്ഗ്രേഡ് ചെയ്യുന്ന കൂട്ടത്തിൽ വെളിനല്ലൂർ പി.എച്ച്.സി.-യെ സി.എച്ച്.സി.ആക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(4.) <u>പരപ്പനങ്ങാടി ഫിഷറീസ് ഡിസ്പെൻസറി</u>

<u>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി</u> : 1984-ൽ ഭരണാനുമതി കിട്ടി പണി പൂർത്തിയായ പരപ്പനങ്ങാടി ഫിഷറീസ് ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കാനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) :</u> വർഷങ്ങൾക്ക് മുൻപ് ഭരണാനുമതി ലഭിച്ച പരപ്പനങ്ങാടി പഞ്ചായത്തിലെ ഫിഷറീസ് ആശുപത്രി കെട്ടിടത്തിന്റെ പണി 25 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ

സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ആഗസ്റ്റ് മാസം ആദ്യം നാഷണൽ റൂറൽ ഹെൽത്ത് മിഷൻ വഴി ഡോക്ടർമാരേയും നഴ്സുമാരേയും നിയമിച്ച് ആശുപത്രിയുടെ പ്രവർത്തനം തുടങ്ങാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനവും തുടരുന്നതാണ്.

(5) പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിന് കർമ്മ സേനകൾ

ശ്രീ. കെ.പി. മോഹനൻ: സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങളിൽ പ്പെടുന്നവരെ രക്ഷിക്കുന്നതിനും സഹായിക്കുന്നതിനും ജില്ലാതലത്തിലും പ്രാദേശികതലത്തിലും കർമ്മ സേനകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ദേശീയ ദുരന്ത നിവാരണ നയത്തിന് അനുസൃതമായി ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിൽ വില്ലേജുതല കർമ്മസേനകൾ രൂപീകരിക്കുന്നതിന് കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കർമ്മസേനയിൽ നെഹ്റു .യുവകേന്ദ്ര, സ്കൂൾ-കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഡോക്ടർമാർ, എഞ്ചിനീയർമാർ എൻ.ജി.ഒ സംഘടനാ പ്രതിനിധികൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ളവർ അംഗങ്ങളായിരിക്കും. ഇവർക്ക് പരിശീലനം ഏർപ്പെടുത്തുന്നതിനുവേണ്ടി മുഖ്യ ഏജൻസിയായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസ്സാസ്റ്റർ മാനേജ്മെന്റിന്റെ ദുരന്ത നിവാരണ ഫാക്കൽറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഫയർഫോഴ്സിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ കുറേക്കൂടി ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി അവർതന്നെ തയ്യാറാക്കി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കുകയും അതിന് അനുകൂലമായ നടപടിയുണ്ടാവുകയും ചെയ്തിട്ടുണ്ട്.

(6).<u>ചട്ടമ്പി സ്വാമികളുടെ ജന്മസ്ഥലത്ത് സ്മാരകം</u>

<u>ശ്രീ. വർക്കല കഹാർ</u> : കേരളത്തിലെ നവോത്ഥാന ശിൽപ്പിയായ ചട്ടമ്പിസ്വാമിയുടെ ജന്മസ്ഥലം ഏറ്റെടുത്ത് ചരിത്ര സ്മാരകമാക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: ചട്ടമ്പിസ്വാമിയുടെ ജന്മസ്ഥലമായ കണ്ണമ്മൂല പ്രദേശത്തെ കൊല്ലൂർ ഗ്രാമത്തിലെ ഉള്ളൂർക്കോട് ഒരു ചരിത്ര സ്മാരകമായി പ്രഖ്യാപിക്കണമെന്ന നിവേദനം 1992-മുതൽ സർക്കാരിന്റെ മുമ്പിലുണ്ട്. ചില നടപടികളും അന്ന് സ്വീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 19-2-1996-ൽ ഗവൺമെന്റ് പ്രസ്തുത സ്ഥലം ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ വേണ്ടി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിനിടയിൽ ഈ വിഷയം ഹൈക്കോടതിയിൽ എത്തുകയും ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഡീ നോട്ടിഫൈ ചെയ്യുകയുമുണ്ടായി. പ്രസ്തുത സ്ഥലം പല കൈമാറ്റങ്ങൾക്ക് വിധേയമായിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടിക്കുവേണ്ടി ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(7). <u>ഗവൺമെന്റ് ആശുപത്രികളിലെ ചികിൽസാ സൗകര്യം</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: കുന്നംകുളം ഗവൺമെന്റ് ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടേയും മറ്റ് ജീവനക്കാരുടേയും

തസ്തിക സൃഷ്ടിച്ച് താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനും തോളൂർ പി.എച്ച്.സി. ഒരു സി.എച്ച്.സി. ആയി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) : കുന്നംകുളം ഗവൺമെന്റ് ആശുപത്രിയിൽ നിലവിലുള്ള എല്ലാ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ട്. കേരളത്തിലെ ആശുപത്രികളിൽ തസ്തികകൾ പരിഷ്ക്കരിക്കുന്ന സന്ദർഭത്തിൽ മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളു. കുന്നംകുളം ഗവൺമെന്റ് ആശുപത്രിയെ താലൂക്ക് ലെവലിലുള്ള ഒരു ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യേണ്ടതായിട്ടുണ്ട്. ഈ ആശുപത്രിയെ സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് ഉൾപ്പെടെയുള്ള ഒരു ആശുപത്രിയായി മാറ്റുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(8).ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: കാലവർഷക്കെടുതിമൂലം തകർന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുന്നതിനും കരാറുകാർക്ക് കൊടുക്കേണ്ട കുടിശ്ശിക കൊടുത്തുതീർക്കാനും കൂടുതൽ പ്രവൃത്തികൾ അടിയന്തിരമായി ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : പ്രകൃതിക്ഷോഭവും കാലവർഷക്കെടുതിയും മൂലം തകർന്നുപോയ റോഡുകളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന പ്രകൃതിക്ഷോഭ ദുരന്ത നിവാരണ ഫണ്ടിൽ നിന്ന് 37.90 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പ്രകൃതിക്ഷോഭ ദുരന്ത നിധിയിൽനിന്ന് ലഭിക്കുന്ന തുക വളരെ കുറവാണ്. തുക വർദ്ധിപ്പിച്ച് കിട്ടണമെന്ന് കേന്ദ്രത്തോട്

ആവശ്യപ്പെട്ടിട്ടുണ്ട്.കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(9). അഴീക്കോട്-മുനമ്പം പാലം

ശ്രീ. ടി.എൻ. പ്രതാപൻ : എറണാകുളം, തൃശ്ശൂർ ജില്ലകളുടെ തീരപ്രദേശ വികസനത്തിൽ വളരെയേറെ സ്വാധീനം ചെലുത്തുന്ന അഴീക്കോട്-മുനമ്പം പാലം. നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.മോൻസ് ജോസഫ്) : അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണത്തിന് 39 ലക്ഷം രൂപയുടെ പ്രീ-സാംഗ്ഷൻ നൽകിയിട്ടുണ്ട്. സ്ഥലലഭ്യത, ജലഗതാഗത സൗകര്യം എന്നിവ സംബന്ധിച്ച് വിശദമായ പരിശോധന നടത്തി പോർട്ട് അധികാരികളുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(10) അസ്റാജ് ബിൽഡിംഗ് നിൽക്കുന്ന സ്ഥലം കൈവശക്കാർക്ക് പതിച്ചു നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ് : ഇന്ത്യാ വിഭജന കാലത്ത് പാകിസ്ഥാനിലേയ്ക്ക് പോയ ആളുകൾ ഉപയോഗിച്ചിരുന്ന മട്ടാഞ്ചേരിയിലെ അസ്റാജ് ബിൽഡിംഗ് സ്ഥിതി ചെയ്യുന്ന സ്ഥലം അവിടത്തെ താമസക്കാർക്ക് പതിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) ഇന്ത്യാ-പാകിസ്ഥാൻ വിഭജനത്തെത്തുടർന്ന് ഇന്ത്യയിൽനിന്ന് പാകിസ്ഥാനിലേയ്ക്ക് പലായനം ചെയ്തവരുടെ കൈവശമുണ്ടായിരുന്ന ഭൂമിയിൽ വളരെക്കാലമായി താമസിക്കുന്നവർ നിർദ്ധനരും ഭൂരഹിതരുമാണ്. വിവിധ തൊഴിലുകൾ ചെയ്ത് ജീവിക്കുന്ന ഇവരെ പുനരധിവസിപ്പിക്കുക എന്നുള്ളത്

അസാധ്യമായ കാര്യമാണ്. കാലപ്പഴക്കംകൊണ്ട് അപകടാവസ്ഥയിലായ അസ്റാജ് ബിൽഡിംഗ് പൊളിച്ചുമാറ്റി അവർക്ക് അവിടെ താമസിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഭൂമി പതിച്ചുനൽകുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എത്രയുംവേഗം ഇക്കാര്യം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(11) <u>നെല്ല് സംഭരണ പരിപാടി</u>

<u>ശ്രീ.എം.വി. ശ്രേയാംസ്കുമാർ</u> : വയനാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കാൻ യാതൊരു സംവിധാനവുമില്ല. ഭക്ഷ്യ സുരക്ഷാ നയത്തിന്റെ അടിസ്ഥാനത്തിൽ കർഷകരെ സഹായിക്കുന്നതിന് നെല്ല് സംഭരണ പരിപാടിയിൽ വയനാട് ജില്ലയെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ</u>) : നെല്ല് സംഭരണ പരിപാടിയിൽ വയനാട് ജില്ലയെ ഉൾപ്പെടുത്താൻ ഗവണ്മെന്റിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. സിവിൽ സപ്ളൈസ് കോർപ്പറേഷന് നെല്ല് സംഭരിക്കുന്നതിന് ഗോഡൗണോ പ്രത്യേക സ്റ്റോറേജ് സ്ഥലമോ സ്വന്തമായി റൈസ് മില്ലോ ഇല്ല. സ്വകാര്യ റൈസ് മിൽ ഉടമകളുമായി കരാറുണ്ടാക്കി നെല്ല് കുത്തി അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്തുവരികയാണ്. സ്വകാര്യ റൈസ് മില്ലുകളിൽ 80 ശതമാനവും മറ്റ് ജില്ലകളിലാണ്. വയനാട് ജില്ലയെക്കൂടി ഉൾപ്പെടുത്താൻ സാമ്പത്തിക ബുദ്ധിമുട്ടും ജീവനക്കാരുടെ അഭാവവും പ്രായോഗിക ബുദ്ധിമുട്ടും നിലവിലുണ്ട്.

(12) കാർഷിക സർവ്വകലാശാലയുടെ കോഴിക്കോട് കേന്ദ്രം

ശ്രീ.പി.എം.എ. സലാം : കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിൽ പ്രവർത്തിക്കുന്ന കാർഷിക സർവ്വകലാശാല കേന്ദ്രത്തിലൂടെ ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ വിപണനം ഉൾപ്പെടെ കർഷകർക്ക് നിരവധി സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളതുകൊണ്ട് ഈ സ്ഥാപനം അടച്ചുപൂട്ടാൻ കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് ബോഡി തീരുമാനിച്ചതായി അറിയുന്നു. സ്വന്തമായി കെട്ടിടമുണ്ടാക്കി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കർഷകർക്ക് ആശ്രയം ആകത്തക്ക രീതിയിൽ ഈ സ്ഥാപനം വിപുലീകരിക്കാൻ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ.മുല്ലക്കര രത്നാകരൻ) : ഈ ഗവേഷണ കേന്ദ്രം അടച്ചുപൂട്ടുന്നതിന് ഒരു തരത്തിലുള്ള തീരുമാനവും കൈക്കൊണ്ടിട്ടില്ലെന്ന് കാർഷിക സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(13) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

ശ്രീ.എ.സി. മൊയ്തീൻ : ഒരു സമഗ്ര പദ്ധതി തയ്യാറാക്കിയും വൈദഗ്ദ്ധ്യമുള്ള സ്ഥിരം എം.ഡി.യെ നിയമിച്ചും ആവശ്യമായ സാമ്പത്തിക സഹായം നൽകിയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും അതുവഴി ജീവനക്കാർക്ക് തൊഴിൽ സംരക്ഷണം നൽകുന്നതിനും നടപടികൾ കൈക്കൊള്ളണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ.എളമരം കരീം): സഹകരണ മില്ലുകളുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച വിദഗ്ദ്ധ

സമിതി ഈ മില്ലിന്റെ പുനരുദ്ധാരണത്തിന് പ്രത്യേക നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മിൽ ഇന്ന് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര സഹായം നൽകിയിട്ടുണ്ട്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്മെന്റ് കോർപ്പറേഷനിൽനിന്ന് ടേം ലോൺ കിട്ടുന്ന മുറയ്ക്ക് പുനരുദ്ധാരണ നടപടികൾ സ്വീകരിക്കുന്നതാണ്. മാനേജ്മെന്റ് സംവിധാനവും ശക്തിപ്പെടുത്തുന്നതാണ്.

(14) <u>റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി</u> : തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കിയ 13000 കിലോമീറ്ററിലധികം വരുന്ന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഒഴിവാക്കിയതു കാരണം അറ്റകുറ്റപ്പണികൾ നടത്താതെ കാൽനട യാത്രക്കാർക്കുപോലും ബുദ്ധിമുട്ട് ഉണ്ടാകുന്നു. ഈ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ.മോൻസ് ജോസഫ്</u>) : പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ പരിശോധിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയും ശുപാർശ നൽകിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് അറ്റകുറ്റപ്പണി നടത്താൻ കഴിയാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച ലിസ്റ്റ് പ്രകാരം റോഡുകളുടെ പ്രാധാന്യം കണക്കാക്കി ജില്ലാടിസ്ഥാനത്തിൽ 6000 കിലോമീറ്റർ റോഡ് ഏറ്റെടുത്ത് ഈ വർഷംതന്നെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(15) <u>ഗസ്റ്റ് അധ്യാപകർക്ക് ശമ്പളം</u>

<u>ശ്രീ.പി. കൃഷ്ണപ്രസാദ്</u> : സംസ്ഥാനത്ത് എട്ട് മാസത്തിലധികമായി ശമ്പളം ലഭിക്കാത്ത പ്ളസ്ടു ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം നൽകുന്നതിന് സത്വര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ.എം.എ.. ബേബി)</u>: ഈ വിഷയം ഗവൺമെന്റ് വളരെ പ്രാധാന്യത്തോടുകൂടി കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. അതിഥി അധ്യാപകരുടെ തസ്തികകൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ അതിഥി അധ്യാപകർക്ക് ട്രഷറി ആതറൈസേഷൻ ലഭ്യമാക്കി വേതനം നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(16) <u>ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനം</u>

<u>ശ്രീ.പി.സി.വിഷ്ണുനാഥ്</u>: പ്രൊമോഷൻ കാറ്റഗറിയിലുള്ളവരെ പരിഗണിച്ചതിനുശേഷം മാത്രമേ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നൽകൂവെന്ന തീരുമാനം പുന:പരിശോധിക്കണം. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യരുതെന്ന് 10-1-2008-ൽ അപ്രഖ്യാപിത നിയമന നിരോധന സർക്കുലറും സർക്കാർ ഇറക്കിയിരിക്കുകയാണ്. വ്യാജ സർട്ടിഫിക്കറ്റുകൾ വാങ്ങി പ്രൊമോഷന് ശ്രമിക്കുന്നവരും വകുപ്പിലുണ്ട്. മറ്റെല്ലാ വകുപ്പുകളിലും ക്ളാസ് ഫോർ ജീവനക്കാർക്ക് 10 ശതമാനം പ്രൊമോഷൻ നൽകുമ്പോൾ ഈ മേഖലയിൽ 25 ശതമാനം നൽകുന്നതിലെ സാംഗത്യം വ്യക്തമാക്കണം. ഇക്കാര്യങ്ങൾ വിശദമായി പഠിച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും പരമാവധി ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ആരോഗ്യവകുപ്പിൽ 1989-ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ നിയമനരീതിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ പെറ്റിഷൻ സമർപ്പിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 30-10-2007-നു ശേഷം സർക്കാർ തീരുമാനപ്രകാരമല്ലാതെ ഒരു നിയമനവും നടത്തേണ്ടതില്ലെന്നും പ്രൊമോഷൻ കൊടുക്കേണ്ടവർക്ക് മാത്രം കൊടുക്കാമെന്നും സർക്കാർ തീരുമാനിച്ചു. 25 ശതമാനം സർവ്വീസിലുള്ളവർക്കും 75 ശതമാനം ഡയറക്ട് റിക്രൂട്ട്മെന്റുമെന്ന 1:3 റേഷ്യോ ആണ് പി.എസ്.സി. അംഗീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം ക്ലർക്ക്, ഫാർമസിസ്റ്റ്, ടൈപ്പിസ്റ്റ്, ഡ്രൈവർ, ഡോബി, കുക്ക്, ടെയിലർ തുടങ്ങിയ തസ്തികയിലുള്ളവർക്ക് പരീക്ഷ പാസ്സാകുന്ന മുറയ്ക്ക് പ്രൊമോഷന് അർഹതയുണ്ടായിരിക്കുന്നതാണ്. ഭാവിയിൽ ഇതിനായി നിശ്ചയിക്കപ്പെട്ട ക്വാളിഫിക്കേഷനായ ഡി.എച്ച്.ഐ.സി. (ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്) പാസ്സായവർക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II-ന് അർഹതയുണ്ടാകും.

(17) കുട്ടനാട്ടിലെ കാർഷിക പ്രതിസന്ധി

ശ്രീ. കെ. സി. വേണുഗോപാൽ: കുട്ടനാട്ടിലെ കാർഷിക പ്രതിസന്ധി പരിഹരിക്കാനായി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിൽ പാടശേഖര സമിതികളുടെ ശുപാർശ വേണമെന്ന് ഐ.ആർ.സി നിഷ്ക്കർഷിച്ചിരുന്നു. ഐ.ആർ.സി.-യുടെ തീരുമാനത്തിനു

വിരുദ്ധമായി പാടശേഖര സമിതിയുടെ ശുപാർശ ഇല്ലാതെയും ഫോറം സ്വീകരിക്കാമെന്ന് ജില്ലാ ലേബർ ആഫീസർ നിർദ്ദേശിച്ചിരിക്കുന്നത് പരിശോധിക്കുകയും ഐ.ആർ.സി. തീരുമാനം പുന:സ്ഥാപിക്കുകയും ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): പാടശേഖര കമ്മിറ്റികളുടെ സഹായം വേണമെന്നാണ് ഐ.ആർ.സി. തീരുമാനത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയിൽ പാടശേഖര സമിതികളുടെ ശുപാർശ വേണ്ട എന്ന് പ്രിന്റ് ചെയ്തുവന്ന കാര്യത്തെക്കുറിച്ച് പരിശോധിക്കാനും തിരുത്തലുകൾക്കു വേണ്ടിയും ഐ.ആർ.സി. യോഗം വീണ്ടും വിളിച്ചു കൂട്ടുന്നതാണ്.

(18) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ അറ്റകുറ്റപണികൾ

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പ്രവൃത്തിയിലുൾപ്പെടുത്തി ബേക്കൽ പദ്ധതി പ്രദേശം കൂടി ഉൾപ്പെട്ട കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയുടെ അറ്റകുറ്റപണികൾക്കുള്ള നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): ആവശ്യമായ ഭൂമി ഏറ്റെടുത്ത സംസ്ഥാനത്തെ 327 റോഡുകൾ 1200 കോടി രൂപ ചെലവിൽ കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തി നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേ കൂടി ഉൾപ്പെടുന്ന റോഡുകളുടെ നിർമ്മാണത്തിന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ

ആരംഭിക്കുന്നതാണ്. അതിനുമുമ്പുതന്നെ ഒരു കോടി രൂപ ചെലവിൽ കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിൽ താൽക്കാലിക അറ്റകുറ്റപ്പണികൾ നടത്തുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

**ധനകാര്യം**

2008-2009 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ് (51,83,04,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും ( 116,49,27,000 രൂപ)

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയേയും തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ പി.സി. വിഷ്ണുനാഥ്, ആര്യാടൻ മുഹമ്മദ്, എം.എ. വാഹീദ്, സി.പി. മുഹമ്മദ്, കെ.സി.ജോസഫ്, എൻ. ശക്തൻ, ടി.എൻ. പ്രതാപൻ, ജോർജ് മേഴ്സിയർ, വർക്കല കഹാർ, ബി. ബാബു പ്രസാദ്, കെ.സി. വേണുഗോപാൽ, എ.പി. അനിൽകുമാർ, കെ. ശിവദാസൻ നായർ, തോമസ് ഉണ്ണിയാടൻ, കെ.കെ. ഷാജു, പി.കെ. അബ്ദുറബ്ബ്, സി. ടി. അഹമ്മദ് അലി, യു.സി. രാമൻ, എം.ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, പ്രൊഫ. കെ. വി. തോമസ്, പ്രൊഫ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. വർക്കല കഹാർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഡ്യയിൽ നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും കൊണ്ടുവന്നത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെന്റുകളാണ്. ചെറിയ ചെറിയ കാര്യങ്ങളെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വലിയ കാര്യങ്ങളായി ചിത്രീകരിക്കുന്നത്. സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ റിലേഷൻസും അതിന്റെ എൻഫോഴ്സ്മെന്റും നോക്കാൻ ചുമതലപ്പെട്ട ലേബർ ഡിപ്പാർട്ടുമെന്റിൽ അഡീഷണൽ ലേബർ കമ്മീഷണറുടേതുൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ലേബർ ഡിപ്പാർട്ടുമെന്റിനുകീഴിലുള്ള സ്ഥാപനങ്ങളുടേയും തൊഴിലാളികളുടേയും എണ്ണം വർദ്ധിച്ചതിനാനുപാതികമായി സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കണം. ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കശുവണ്ടി ഫാക്ടറികളിലേയും കയർ മേഖലയിലേയും തൊഴിലാളികൾക്ക് മിനിമം വേജസ് നടപ്പിലാക്കണം. കശുവണ്ടി വികസന കോർപ്പറേഷനിലേയും കാപ്പക്സിലേയും തൊഴിലാളി

കൾക്ക് നൽകുവാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കണം. ഇ.എസ്.ഐ. പ്രകാരമുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് കുടിശ്ശിക നൽകാനും സംസ്ഥാനത്തെ തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന ഇ.എസ്.ഐ. വിഹിതം കൃത്യമായി അടയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് കള്ളുഷാപ്പുകളിലൂടെയുള്ള വരുമാനം കുറയുകയും ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിക്കുകയും ചെയ്തു. തൊഴിൽ വകുപ്പിനേയും എക്സൈസ് വകുപ്പിനേയും ഊർജ്ജസ്വലമാക്കിമാറ്റാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. കെ.കെ. ദിവാകരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നയവൈകല്യംകൊണ്ടാണ് തൊഴിൽ മേഖലയിൽ പ്രശ്നങ്ങളുണ്ടാകുന്നത്. പ്രതിസന്ധിയിലായിരിക്കുന്ന ടെക്സ്റ്റൈൽ മേഖലയെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സാമ്പത്തിക വളർച്ചാ നിരക്ക് വർദ്ധിക്കുന്നത് നല്ല കാര്യമാണെങ്കിൽപ്പോലും അതോടൊപ്പം തൊഴിലില്ലായ്മയും വർദ്ധിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയവൈകല്യം കാരണം തൊഴിലാളികളുടെ വേതനം വെട്ടിക്കുറയ്ക്കപ്പെടുകയും മുതലാളിമാരുടെ സമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. എല്ലാ മേഖലകളിലേയും തൊഴിലാളികൾ പ്രയാസം അനുഭവിക്കുകയാണ്. ഇൻഡ്യയിൽ കേരളം, ത്രിപുര, ബംഗാൾ എന്നീ സംസ്ഥാനങ്ങളിലൊഴികെ മറ്റൊരിടത്തും ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമില്ല. തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തണമെന്ന ആവശ്യമാണ് തൊഴിലുടമകൾ ഉന്നയിക്കുന്നത്. വൻകിട മുതലാളിമാർ നിലവിലുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ നിലവിലുള്ള തൊഴിൽ നിയമങ്ങൾ സംരക്ഷിക്കാ

നുള്ള പ്രവർത്തനങ്ങളാണ് കേരള ഗവൺമെന്റ് നടത്തുന്നത്. ഇടതുപക്ഷ കക്ഷികളുടെ നിർബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയത്. പരമ്പരാഗത മേഖലയിലെ തൊഴിലാളി കളുടെ ക്ഷേമം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനം ഗവൺമെന്റ് നടത്തേ ണ്ടതാണ്. കർഷകത്തൊഴിലാളികൾക്കുവേണ്ടി സമഗ്രമായ ഒരു ബിൽ കൊണ്ടുവരുമെന്ന് പറഞ്ഞെങ്കിലും അത് ചെയ്തിട്ടില്ല. ഐ.സി.ഡി.എസ്. ജീവനക്കാർക്ക് മിനിമം വേതനമെങ്കിലും കൊടുക്കാൻ ആവശ്യമായ തുക വകയിരുത്തണം. മൂന്ന് ലക്ഷത്തിലധികം വരുന്ന കശുവണ്ടി ത്തൊഴിലാളികളുടേത് ഉൾപ്പെടെ നിരവധി മേഖലകളിലെ മിനിമം വേജസ് പുതുക്കിനിശ്ചയിച്ചു. തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തനരഹിതമായി കിടന്നിരുന്ന 'കിലെ' എന്ന സ്ഥാപനം പ്രവർത്തനക്ഷമമാക്കി. ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് വഴി 2007-08-ൽ 512 പേർക്ക് തൊഴിൽ കൊടുക്കാൻ സാധിച്ചു. കെ.എസ്.ബി.സി.-യിലെ ലേബലിംഗ് തൊഴിലാളികൾക്ക് മുൻകാലപ്രാബല്യ ത്തോടെ ടൈം സ്കെയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ലേബർ ഡിപ്പാർട്ടുമെന്റിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കണം. നിലവിലുള്ള ഒഴിവുകൾ നികത്തണം. ടെക്നോപാർക്ക് ഉൾപ്പെടെ ഐ.ടി. മേഖലകളിൽ എംപ്ലോയ്മെന്റ് രജിസ്റ്ററുകൾ സൂക്ഷിക്കാനും തൊഴിൽ നിയമങ്ങൾ പാലിക്കപ്പെടാനും ആവശ്യമായ നടപടിയുണ്ടാകണം. ചിറ്റൂരിലെ ചിപ്കോസ് എന്ന സ്ഥാപനത്തെ ട്രാവൻകൂർ ഷൂഗേഴ്സിന് കൈമാറാതെ സ്വതന്ത്രമായി പ്രവർത്തിപ്പിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. യു.സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എല്ലാ പ്രവാസികൾക്കും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യണം. കേരളത്തിന്റെ തൊഴിൽ മേഖലയിൽ ഇപ്പോൾ കാണുന്ന ശാന്തത അപകടകരമായതാണ്. രണ്ടു വർഷത്തിനിടയിൽ 48 ബാറുകൾ ഈ ഗവൺമെന്റ് അനുവദിക്കുകയുണ്ടായി. സത്യസന്ധരായ ഉദ്യോഗസ്ഥരെ പരമാവധി പീഡിപ്പിക്കുന്ന സ്ഥിതിയാണുള്ളത്. 19 എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി വാഹനമില്ല. സംസ്ഥാനം വ്യാജമദ്യ ലോബിയുടേയും ക്വട്ടേഷൻ സംഘത്തിന്റേയും പിടിയിലാണ്. ഇത് ഈ നാടിനെ സർവ്വനാശത്തിലേയ്ക്ക് നയിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. വ്യാജമദ്യ ലോബിയെ നേരിടാൻ പര്യാപ്തമായ ആയുധങ്ങൾ എക്സൈസ് ജീവനക്കാർക്ക് നൽകിയിട്ടില്ല. അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്കാനർ സ്ഥാപിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. പള്ളിപ്രം ബാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിൽ കടുത്ത അരക്ഷിതാവസ്ഥ നിലനിന്നിരുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. തൊഴിലാളിക്ഷേമവും സാമൂഹ്യപുരോഗതിയും ഉറപ്പുവരുത്തിക്കൊണ്ട് തൊഴിൽ മേഖലയെ മെച്ചപ്പെട്ട സ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് ഇന്ന് ദൃശ്യമാകുന്നത്. തകർച്ചയുടെ വക്കിലായ പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിച്ച് മുന്നോട്ടു കൊണ്ടുവരുന്നതിന് ക്ഷമാപൂർവ്വമായ പരിശ്രമം നടത്തിയിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കാനും, കയർ മേഖലയിൽ നവീകരണം ഉറപ്പുവരുത്തി ആ മേഖലയെ ആകർഷകമാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയണം. നിർമ്മാണവസ്തുക്കളുടെ

അമിത വിലക്കയറ്റംമൂലം ഈ മേഖലയിൽ ഉളവായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ റവന്യൂ വകുപ്പുമായി ആലോചിച്ച് നടപടിയുണ്ടാക്കണം. സെക്യൂരിറ്റി ജീവനക്കാരുടെ മിനിമം വേജസ് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. തകർന്നുകിടന്ന ഇ.എസ്.ഐ. മേഖലയെ കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മദ്യാസക്തി കുറയ്ക്കുന്നതിനും വ്യാജമദ്യം നിയന്ത്രിക്കുന്നതിനും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുവെന്നത് സ്വാഗതാർഹമാണ്. കാസർഗോഡ് ജില്ലയിൽ ചെക്ക്പോസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. വ്യാജമദ്യം സംസ്ഥാനത്തേയ്ക്ക് കടത്തുന്നത് തടയാൻ പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്. നീലേശ്വരം-ചെറുവത്തൂർ പ്രദേശങ്ങളിലെ ചെറുപ്പക്കാർക്ക് കള്ള് ചെത്തുന്നതിന് പരിശീലനം നൽകണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മദ്യപാനാസക്തി വർദ്ധിച്ചിരിക്കുന്ന ആപൽക്കരമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ബിവറേജ്സ് കോർപ്പറേഷന്റെ വിറ്റുവരവ് വർദ്ധിച്ചിരിക്കുന്നു. മദ്യപാനാസക്തി കുറച്ചുകൊണ്ടുവരാനാവശ്യമായ പ്രവർത്തനങ്ങളുണ്ടാകണം. വ്യാജ മദ്യവും സ്പിരിറ്റ് കടത്തും തടയാൻ കഴിയണം. കള്ളുഷാപ്പുകളിലൂടെ വ്യാജ മദ്യം വിൽക്കുന്നത് നിയന്ത്രിക്കണം. വ്യാജ മദ്യ ഉൽപ്പാദന കേന്ദ്രങ്ങൾ കണ്ടെത്തി യഥാർത്ഥ കുറ്റവാളികളെ നിയമവിധേയരാക്കണം നിയമസംവിധാനങ്ങൾ മദ്യ മാഫിയകൾക്ക് കൂട്ടുനിൽക്കുന്ന സ്ഥിതി വിശേഷമുണ്ടാകാൻ പാടില്ല.. അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള തൊഴിലാളികളെ സംബന്ധിച്ച രജിസ്റ്ററും

കണക്കുകളും സൂക്ഷിക്കാനും അവർക്ക് ആനുകൂല്യങ്ങൾ ഉറപ്പുവരുത്താനുമുള്ള സംവിധാനം ഉണ്ടാക്കണം.

ശ്രീ. എം. കെ. പ്രേംനാഥ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ രംഗത്ത് നിലവിലുണ്ടായിരുന്ന അരക്ഷിതാവസ്ഥ നീക്കി ഒരു പുതിയ മാനം സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സമസ്ത മേഖലകളിലും പരിവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന അരാജകത്വം അവസാനിപ്പിച്ച് തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിലാക്കി. കശുവണ്ടിത്തൊഴിലാളികൾ സ്വകാര്യ ആശുപത്രി ജീവനക്കാർ, കൈത്തറിത്തൊഴിലാളികൾ, വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാർ, ഖാദി ബോർഡ് തുടങ്ങി വിവിധ മേഖലകളിലെ മിനിമം വേജസ് പുനർനിർണ്ണയിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചത് പ്രശംസനീയമാണ്. പണിമുടക്കുകൾ ഇല്ലാതാക്കുക വഴി വ്യവസായ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിൽ ഭേദഗതി വരുത്തി സെയിൽസ് പ്രൊമോഷൻ ജീവനക്കാരെ തൊഴിലാളികൾ എന്ന നിലയിലേയ്ക്ക് കൊണ്ടുവരികയും ബോണസ് പരിധി ഉയർത്താനുള്ള നടപടികളാരംഭിക്കുകയും ചെയ്തു. ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി ആരംഭിച്ചു. ബാലവേല നിരോധിക്കാനുള്ള നടപടികളെടുത്തു. രാഷ്ട്രീയ സ്വസ്തിക് ഭീമാ യോജന പദ്ധതിയിൻകീഴിൽ മുപ്പതിനായിരം രൂപയുടെ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താൻ പോകുന്നു. ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ എല്ലാ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷ്വറൻസ് നടപ്പിലാക്കി. വിവിധ ക്ഷേമപെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർത്തു. കെ.എസ്.ആർ.ടി.സി

വളരെ പുരോഗമനപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക സർക്കാർ നൽകണം.

ശ്രീ. എ.എ. അസീസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചു. തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക മുഴുവൻ കൊടുത്ത് തീർക്കാൻ കഴിഞ്ഞു. വിവിധ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാൻ സാധിച്ചു. ഈ ഗവൺമെന്റ് അധികാരമേറ്റശേഷം നടന്ന ആദ്യ ക്യാബിനറ്റ് യോഗത്തിൽത്തന്നെ പല സുപ്രധാന തീരുമാനങ്ങളും എടുത്തു. തൊഴിലാളികൾക്ക് 12 മാസത്തെ പെൻഷൻ കുടിശ്ശിക ഒരുമിച്ച് നൽകി. ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് 50,000/- രൂപാ വീതം ധനസഹായം നൽകി. ഈറ്റത്തൊഴിലാളികളെ വെൽഫെയർ സ്കീമിൽ കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം കൂലി നിർണ്ണയിക്കാൻ കമ്മിറ്റി രൂപീകരിച്ചു. വ്യവസായ ബന്ധ ബോർഡ് പുന:സംഘടിപ്പിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് നിറുത്തലാക്കാൻ തീരുമാനിച്ച കേരളത്തിലെ 10 ഇ.എസ്.ഐ. ലോക്കൽ ഓഫീസുകൾ നിലനിർത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപടി സ്വീകരിച്ചു. യു.ഡി.എഫ്. ഭരണകാലത്ത് സ്തംഭനാവസ്ഥയിലേയ്ക്കു നീങ്ങിയ കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കി.

ശ്രീ. കെ.സി. രാജഗോപാലൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അസംഘടിത, പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പൂർണ്ണമായും നിഷേധിച്ചുകൊണ്ട് മുതൽമുടക്കുന്നവർക്ക് അനുകൂലമായി തൊഴിൽ വകുപ്പിനെ മാറ്റിക്കൊണ്ടിരുന്ന സാഹചര്യത്തിൽ അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് പരമ്പരാഗത വ്യവസായ മേഖലയും പൊതുമേഖലയും സംരക്ഷിക്കുകയും തൊഴിലാളികളുടെ നിലവിലുള്ള ആനുകൂല്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കുകയും വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ നിയമങ്ങൾ സംരക്ഷിക്കുകയും ചെയ്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് തൊഴിൽത്തർക്കങ്ങളിൽ പോലീസിന് ഇടപെടാനും തൊഴിലുടമയ്ക്ക് ഇഷ്ടമുള്ള കൂലികൊടുത്ത് ഇഷ്ടമുള്ള തൊഴിലാളിയെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നതിനും സാഹചര്യമൊരുക്കുന്ന വിധത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ചുമട്ടുതൊഴിലാളി നിയമത്തിൽ ഈ ഗവൺമെന്റ് ഭേദഗതി കൊണ്ടുവന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടിത്തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിച്ചു. തൊഴിലാളികളുടെ പി.എഫ്. മുഴുവൻ കൃത്യമായി തൊഴിലുടമകളെക്കൊണ്ട് അടപ്പിക്കുന്നതിനും സ്വകാര്യമേഖലയിലെ ചൂഷണം അവസാനിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. തോട്ടംമേഖലയിലും കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേഖലാ ടാപ്പിംഗ് എന്ന പുതിയ സംവിധാനം കൊണ്ടുവന്ന് റബ്ബർ മേഖലയിലെ തൊഴിലാളികളെ ചൂഷണം ചെയ്യാനുള്ള ശ്രമം അവസാനിപ്പിക്കുന്നതിനും ഈ രംഗത്തെ തൊഴിലാളികളുടെ വീട് മെയിന്റനൻസിന് സാമ്പത്തികസഹായം കൊടുക്കുന്നതിനും നടപടിയുണ്ടാകണം. മോട്ടോർ

തൊഴിലാളികൾക്കുവേണ്ടി 1991-ലും 1998-ലും 2005-ലും കൊണ്ടുവന്ന ക്ഷേമ നിധി നിയമങ്ങൾ സംയോജിപ്പിച്ച് ഒരു ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടു വരുന്നതിനും ക്ഷേമനിധി വിഹിതം തൊഴിലാളികളുടെ പേരിൽത്തന്നെ അടപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. നിലയ്ക്കലിലെ ഫാമിംഗ് കോർപ്പറേഷനിലുണ്ടായിരുന്ന തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിനും ഫോറസ്റ്റ് മേഖലയിലെ മിനിമം കൂലി പുതുക്കി നിശ്ചയിക്കു ന്നതിനും നടപടിയുണ്ടാകണം. യു.ഡി.എഫ്. ഭരണകാലത്ത് അടച്ചു പൂട്ടിയ 925 കള്ളുഷാപ്പുകൾ പുനഃസ്ഥാപിച്ചത് സ്വാഗതാർഹമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കള്ളുഷാപ്പുകളിൽ ചാരായം വിൽക്കുന്നത് നിരോധിച്ചു. വീര്യംകുറഞ്ഞ മദ്യം വിൽക്കുന്ന കള്ളുഷാപ്പുക ളുടേയും ബാറുകളുടേയും ദൂരപരിധി കാലോചിതമായി പരിഷ്ക്കരിക്കണം. ക്ഷേമനിധിയിലെ ഫണ്ടുപയോഗിച്ച് നല്ല കെട്ടിടത്തിലും ആകർഷണീയമായ നിലയിലും കള്ളുഷാപ്പുകൾ പ്രവർത്തിക്കാനുള്ള സാഹചര്യമുണ്ടാകണം. ചാരായ നിരോധനം പിൻവലിക്കുകയോ വിലകുറഞ്ഞ മദ്യം കൂടുതൽ പ്രദേ ശങ്ങളിൽ വിൽപ്പന നടത്തുകയോ ചെയ്ത് വ്യാജമദ്യം പൂർണ്ണമായും തടയണം. എക്സൈസ് വകുപ്പിനെ നവീകരിക്കണം. കൂടുതൽ എക്സൈസ് റേഞ്ച് ഓഫീസുകൾ അരംഭിക്കണം. അഴിമതിക്കാരെ നിർബ ന്ധിത പെൻഷൻകൊടുത്ത് പിരിച്ചുവിട്ട് ഈ മേഖലയെ കാര്യക്ഷമമാക്കണം. കേരളത്തിലെ ഐ.ടി.സി.-കളെ ശക്തിപ്പെടുത്തുകയും അതിൽ പണിയെടു ക്കുന്ന ജീവനക്കാർക്ക് മൂന്നിരട്ടി വേതനം നൽകണമെന്ന ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യണം. ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധിയിൽ കേറ്ററിംഗ് തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം.

ശ്രീ. പി.സി. ജോർജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ ചാരായം വിൽക്കുന്നത് ഒരു കാരണണവശാലും അനുവദിക്കാൻ പാടില്ല. മദ്യനിരോധനത്തിനുപകരം മദ്യവർജ്ജനം നടപ്പിലാക്കണം. എല്ലാ പഞ്ചായത്തുകളിലും ബിവറേജസ് കോർപ്പറേഷന്റെ ഓരോ ഔട്ട്ലറ്റുകൾ അനുവദിച്ച് വ്യാജ മദ്യവും സ്പിരിറ്റ് കച്ചവടവും അവസാനിപ്പിക്കണം. കെ.എസ്.ആർ.ടി.സി.യിലെ 26,000-ത്തോളം വരുന്ന പെൻഷൻ പറ്റിയ തൊഴിലാളികൾക്കുള്ള പെൻഷൻ കൃത്യസമയത്ത് കൊടുക്കുകയും പെൻഷൻ കൊടുക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്യണം. സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ കശുവണ്ടി ഫാക്ടറികളുടെ എണ്ണം വർദ്ധിക്കുന്നത് ഒഴിവാക്കണം.

ശ്രീ. ആർ. സെൽവരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിൽ കടുത്ത ചൂഷണവും അരാജകത്വവും നിലനിന്നിരുന്ന സാഹചര്യത്തിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് തൊഴിൽ വകുപ്പിന്റെ പ്രവർത്തനം വളരെയേറെ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. സമസ്ത മേഖലകളിലും ഉല്പാദനം വർദ്ധിപ്പിക്കുകയും ഉല്പാദനക്ഷമത മെച്ചപ്പെടുത്തുകയും ഉല്പന്നങ്ങളുടെ ഗുണമേൻമ വർദ്ധിപ്പിക്കുകയുമാണ് തൊഴിൽ വകുപ്പിന്റെ പ്രധാന കടമ. തൊഴിലാളിപ്രശ്നങ്ങളുയർന്നുവന്നാൽ തൊഴിലാളി-തൊഴിലുടമാ പ്രതിനിധികളുടെ യോഗം ചേർന്ന് അനുരഞ്ജന ചർച്ചകളിലൂടെ തർക്കങ്ങൾ പരിഹരിക്കാനുള്ള ശ്രമങ്ങളാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. മൂന്നുലക്ഷത്തിലധികം വരുന്ന കശുവണ്ടി തൊഴിലാളികളുടെ മിനിമം വേതനം 1-1-2007 മുതൽ പുനർനിർണ്ണയം നടത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം

പണിമുടക്കുന്നവരുടെ എണ്ണം ഗണ്യമായി കുറയുകയും തൊഴിൽ ദിനങ്ങൾ വർദ്ധിക്കുകയും ചെയ്തു. ഉല്പാദന രംഗത്ത് മെച്ചപ്പെട്ട വളർച്ച നേടാൻ കഴിഞ്ഞു. നിരവധി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകര മായി പ്രവർത്തിച്ചുവരുന്നു. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നവീകരിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. ഐ.എസ്.ഒ. സർട്ടിഫിക്കേ ഷൻ സംവിധാനം സംസ്ഥാനത്ത് നടപ്പാക്കി. കെമിക്കൽ ഫാക്ടറികളിലുണ്ടാകുന്ന അപകടങ്ങളൊഴിവാക്കാൻ അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ കാക്കനാട് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന പരമ്പരാഗത തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് 'ബാംബു ഫെസ്റ്റ് 2008' സംഘടിപ്പിച്ചു. തൊഴിലാളികളുടെ മക്കൾക്ക് പ്രാതിനിധ്യം നൽകിക്കൊണ്ട് ഹോട്ടൽ മാനേജുമെന്റ്, ഫാഷൻ ഡിസൈനിംഗ് മേഖലകളിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് മാനേജുമെന്റുമായി ചേർന്ന് പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നുണ്ട്. തൊഴിലാളി ക്ഷേമത്തിന് ഊന്നൽ നൽകിക്കൊണ്ടും വ്യാവസായിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുമുള്ള ഒരു തൊഴിൽ നിയമം സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ക്ഷേമ പെൻഷൻ നിരക്കുകൾ വർദ്ധിപ്പിക്കാനും കുടിശ്ശികകൾ കൊടുത്തു തീർക്കാനും കഴിഞ്ഞു. യു.ഡി.എഫ്. സർക്കാർ മരവിപ്പിച്ചിരുന്ന തൊഴിലാളി ക്ഷേമപദ്ധതികൾ പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞു. പ്ലാന്റേഷൻ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനും അടഞ്ഞു കിടന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും തൊഴിലാളികൾക്ക്

സംരക്ഷണം നൽകുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും കഴിഞ്ഞു. പീരുമേട് തേയിലത്തോട്ടങ്ങളിൽ കുടിവെള്ളവും വൈദ്യുതിയും എത്തിക്കുന്നതിനായി 2.98 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്ലാന്റേഷൻ സ്റ്റാഫിന്റെ വേതനം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചു. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ കൂടുതൽ ഐ.ടി.ഐ.കൾ സ്ഥാപിച്ച് കൂടുതൽ പേർക്ക് പരിശീലനം നൽകാനാവശ്യമായ സംവിധാനം ഏർപ്പെടുത്തി. 9 ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചു. വർദ്ധിച്ച ആവശ്യങ്ങൾ കണക്കിലെടുത്ത് സ്വകാര്യ മേഖലയിൽ പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ 18,457 പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞു. വികലാംഗരുടേയും വിധവകളുടേയും പട്ടികവർഗ്ഗത്തിലെ അവിവാഹിതകളായ സ്ത്രീകളുടേയും 35 വയസ്സ് കഴിഞ്ഞ അവിവാഹിതകളുടേയും ക്ഷേമത്തിനുവേണ്ടിയുള്ള നടപടികൾ തൊഴിൽ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു. വ്യാജമദ്യത്തിന്റെയും സ്പിരിറ്റിന്റെയും ഉല്പാദനവും വിപണനവും തടയാനും സംസ്ഥാനത്തെ വ്യാജമദ്യ വിമുക്തമാക്കാനുമാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എക്സൈസ് വകുപ്പിലെ ജീവനക്കാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കാനും വകുപ്പിനെ നവീകരിക്കാനും ഉത്തരവ് പുറപ്പെടുവിച്ചു.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദേശമലയാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിനും അവരുടെ പരാതികൾക്ക് പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി കേരള സർക്കാർ 1996-ൽ രൂപീകരിച്ചതാണ് നോർക്ക വകുപ്പ്. വിദേശരാജ്യങ്ങളിൽ ജോലി

ചെയ്യുന്ന 27.4 ലക്ഷം മലയാളികൾ ഗുരുതരമായ പല പ്രശ്നങ്ങളെയും അഭിമുഖീകരിക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും മുന്നോട്ടു വരണം. പ്രവാസികൾക്കുവേണ്ടിയുള്ള ക്ഷേമനിധി പദ്ധതി അടിയന്തിരമായി നടപ്പിലാക്കണം. സാന്ത്വനം പദ്ധതിയിൽ നിയമഭേദഗതി വരുത്തിയത് സ്വാഗതാർഹമാണ്. നോർക്ക റൂട്ട്സിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പു കൽപ്പിക്കണം. വിദേശരാജ്യങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കാനുള്ള തീരുമാനം വളരെ സ്വാഗതാർഹമാണ്. കേരളത്തിലെ കുടിയേറ്റങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പഠനം നടത്താൻ ഒരു ഇന്റർ നാഷണൽ മൈഗ്രേഷൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. കേരളത്തിൽ കേന്ദ്ര സഹായത്തോടെ ഒരു എൻ.ആർ.ഐ. യൂണിവേഴ്സിറ്റി ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീമതി ജെ. അരുന്ധതി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് താറുമാറായി കിടന്നിരുന്ന എക്സൈസ്, തൊഴിൽ വകുപ്പുകളെ ക്രമമായി ഏകീകരിച്ചു കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ചുമട്ടു തൊഴിലാളികളുടെയും നിർമ്മാണത്തൊഴിലാളികളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു. സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് വെൽഫെയർ ആനുകൂല്യം നൽകണം. തൊഴിലാളികളുടെ മിനിമം വേജ് പുനർനിർണ്ണയം ചെയ്യാനുള്ള കമ്മിറ്റികൾ രൂപീകരിക്കണം. മിനിമം കൂലി പുതുക്കി നിശ്ചയിക്കാനും തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിക്കാനും പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു. തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ലേബർ കോടതിയും ഇൻഡസ്ട്രിയൽ

ട്രിബ്യൂണലും ഏർപ്പെടുത്തി. ബി.പി.എൽ.-കാരെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന രാഷ്ട്രീയ 'സ്വസ്തിക് ഭീമയോജന' പദ്ധതിയും 'ആരോഗ്യ ഇൻഷ്വറൻസ്' പദ്ധതിയും ഒരുമിച്ചുകൊണ്ടുപോകണം. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കാനും ക്ഷേമനിധി ബോർഡിലെ അപാകതകൾ പരിശോധിക്കാനും തീരുമാനിച്ചു. തൊഴിലാളികളിൽനിന്നും പിരിച്ചെടുത്ത് ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന പണത്തെ സംബന്ധിച്ച് പരിശോധന നടത്തണം. പെയിന്റിംഗ് തൊഴിലാളികളെയും ഹോം നേഴ്സുമാരേയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണം. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്ലാന്റേഷൻ റിലീഫ് കമ്മിററി രൂപീകരിച്ചത് സ്വാഗതാർഹമാണ്. തോട്ടം തൊഴിലാളികളുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണം. ഐ.ടി.ഐ.കളെ കാറ്റഗറികളായി തിരിച്ച് പ്രവർത്തിപ്പിക്കുവാൻ കഴിയുന്ന സെന്റർ ഓഫ് എക്സലൻസാക്കി ഉയർത്തി. വാമനപുരം നിയോജകമണ്ഡലത്തിൽ ഒരു ഐ.ടി.ഐ. സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. കയർ, കശുവണ്ടി, കൈത്തറി മേഖലകളിലെ തൊഴിലാളികളുടെ പെൻഷൻ കുടിശ്ശികകൾ കൊടുത്തുതീർത്തതും കൈത്തറിത്തൊഴിലാളികളുടെ പെൻഷൻ പ്രായം 60 വയസ്സിൽ നിന്നും 58 ആക്കി താഴ്ത്തിയ നടപടിയും സ്വാഗതാർഹമാണ്. കർഷകത്തൊഴിലാളി പെൻഷൻ തുക വർദ്ധിപ്പിച്ചു. എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും അഴിമതി ഇല്ലാതാക്കാനും കഴിഞ്ഞു. നിയോജകമണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്തുതലത്തിലും കുടുംബശ്രീ യൂണിറ്റുകളെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ കമ്മിറ്റികൾ

രൂപീകരിച്ച് വ്യാജമദ്യത്തിനെതിരെ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചതിന്റെ ഫലമായി വ്യാജമദ്യ വിൽപ്പന ഒരു പരിധി വരെ തടയാൻ കഴിഞ്ഞു. റെയ്ഞ്ച് ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കെട്ടിടങ്ങളും വാഹനങ്ങളും അനുവദിക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്യണം. എക്സൈസ് ഗാർഡുമാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തുകയും വനിതകളെക്കൂടി ഉൾപ്പെടുത്തുകയും ചെയ്യണം. സ്കൂളുകളുടെ സമീപത്തു പ്രവർത്തിക്കുന്ന കച്ചവടസ്ഥാപനങ്ങളിൽ വിൽക്കുന്ന ലഹരി വസ്തുക്കൾ നിരോധിക്കാൻ നിയമം കൊണ്ടു വരണം. എക്സൈസ് ഡിപ്പാർട്ടുമെന്റ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന ജനകീയ പ്രവർത്തനങ്ങൾക്ക് അംഗീകാരം കിട്ടിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ബി. ബാബു പ്രസാദ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അനുവദിച്ചുകിട്ടിയ പണംപോലും ചെലവഴിക്കാതെ നിഷ്ക്രിയത്വത്തിന്റേയും അനിശ്ചിതത്വത്തിന്റേയും ഉദാഹരണമായി എക്സൈസ് വകുപ്പ് മാറിയിരിക്കുന്നു. ഈ വകുപ്പിന്റെ പ്രവർത്തനം കെടുകാര്യസ്ഥതമൂലം തകർച്ചയിലാണ്. ഈ സർക്കാരിന്റെ വികലമായ മദ്യ നയംമൂലം എക്സൈസ് വകുപ്പിന് സമാന്തരമായി ഒരു വ്യാജ മദ്യമാഫിയ രൂപീകൃതമായിട്ടുണ്ട്. ഈ വകുപ്പിന്റെ വരുമാനം ഗണ്യമായി കുറഞ്ഞുവരികയാണ്. ഗവൺമെന്റിന് കിട്ടേണ്ട തുക വ്യാജമദ്യ മാഫിയകളുടെ കൈയിലേയ്ക്ക് പോകുന്ന സ്ഥിതിയാണുള്ളത്. വ്യാജ മദ്യ ലോബിയുടെ പ്രവർത്തനം തടയാൻ സാധിക്കുന്നില്ല. ഫ്ളാറ്റു

നിർമ്മാണവുമായി ബന്ധപ്പെട്ട് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. എ.എം. .യൂസഫ് : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് തൊഴിൽ മേഖലയുടെ സംരക്ഷണവും സുരക്ഷിതത്വവും മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തൊഴിൽ പ്രശ്നങ്ങൾ ഉയർന്നുവന്നാലുടൻ തൊഴിലാളികളുടേയും തൊഴിലുടമകളുടേയും പ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടി രമ്യമായി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മൂന്ന് ലക്ഷത്തിലധികം വരുന്ന കശുവണ്ടിത്തൊഴിലാളികൾക്കും സ്വകാര്യ ആശുപത്രികൾ, കൈത്തറി, ഖാദി, കള്ള്ചെത്ത് വ്യവസായം, പ്രിന്റിംഗ് എന്നീ വിവിധ മേഖലകളിലെ തൊഴിലാളികൾക്കും മിനിമം വേജസ് നടപ്പിലാക്കി. ആഭരണത്തൊഴിലാളികൾ, ഗാർഹികത്തൊഴിലാളികൾ, ഹോസ്പിറ്റൽ ജീവനക്കാർ തുടങ്ങിയവരുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ചു. തൊഴിൽ മേഖലയിൽ പണിമുടക്കുകൾ ഗണ്യമായി കുറയ്ക്കാനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനും സാധിച്ചു. ഉൽപ്പാദന രംഗത്ത് വൻപിച്ച നേട്ടമുണ്ടാക്കി. ലേബർ കോടതിയിൽ നിലനിന്നിരുന്ന തർക്കങ്ങൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചു. ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് പുന:സംഘടിപ്പിച്ചു. ബോണസ്സിന്റെ വരുമാന പരിധി 3,500-ൽ നിന്ന് 10,000 രൂപയാക്കി വർദ്ധിപ്പിച്ചു. അസംഘടിത മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കി. എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ എല്ലാപേർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. തൊഴിലാളി

പ്രതിനിധികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്നതിന് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി. വിദേശത്ത് ജോലിതേടി പോകുന്നവർക്കായി വിവിധ രീതിയിലുള്ള ട്രെയിനിംഗ് സമ്പ്രദായം ഏർപ്പെടുത്തി. തോട്ടം തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കാനും ചുമട്ടുതൊഴിലാളികൾക്ക് പെൻഷൻ സ്കീം അംഗീകരിച്ച് നടപ്പിലാക്കാനും നടപടി സ്വീകരിച്ചു. ഷോപ്പ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് നടപ്പിലാക്കി. കൈത്തറിത്തൊഴിലാളികളുടെ പെൻഷൻ പ്രായം 58 ആക്കി കുറച്ചു. ക്ഷേമപെൻഷനുകൾ 200 രൂപയായി വർദ്ധിപ്പിച്ചു. പൂട്ടിക്കിടന്ന തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. അടഞ്ഞുകിടന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകി. സംസ്ഥാനത്ത് 21 ഐ.ടി.ഐ-കൾ ആരംഭിക്കാനും കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകാനും നടപടി സ്വീകരിച്ചതിനുപുറമെ പത്ത് ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. 39 ലക്ഷത്തിലധികം തൊഴിൽ രഹിതർക്ക് എംപ്ളോയ്മെന്റ് എക്ചേഞ്ചുവഴി നിയമനം നൽകിയിട്ടുണ്ട്. വികലാംഗർ, വിധവകൾ 35 വയസ്സിനുശേഷവും അവിവാഹിതരായി കഴിയുന്നവർ എന്നിവരെ പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു. തൊഴിലില്ലായ്മ വേതനം കുടിശ്ശികയില്ലാതെ കൊടുത്തുകൊണ്ടിരിക്കുന്നു. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കമ്പ്യൂട്ടർവൽക്കരണം നടത്തി. കശുവണ്ടിത്തൊഴിലാളികൾക്കുവേണ്ടി 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തി. കശുവണ്ടി വ്യവസായ വികസനത്തിനുവേണ്ടി കൊല്ലത്ത് ഒരു സ്പെഷ്യൽ കേന്ദ്രം തുടങ്ങാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 1.25 ലക്ഷം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സൗകര്യം ഏർപ്പെടുത്തി. പരമ്പരാഗത

മേഖലയിലെ തൊഴിലാളികൾക്ക് സർട്ടിഫിക്കറ്റുകളും ജോബ് കാർഡും നൽകിയിട്ടുണ്ട്. ചാലക്കുടിയിൽ ഒരു പുതിയ ഐ.ടി.ഐ. തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ട്. സ്കിൽഡ് വർക്കേഴ്സിസും അൺസ്കിൽഡ് വർക്കേഴ്സിനും വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കിയതിനെ സ്വാഗതം ചെയ്യുന്നു. വ്യാജമദ്യം തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി ഇ.എസ്. ബിജിമോൾ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്തണം. തൊഴിലാളികളുടെ ജോലി സമയം വർദ്ധിപ്പിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കണം. സംസ്ഥാനത്ത് തൊഴിലാളികൾക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ മാത്രമാണ്. തേയിലത്തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിയണം. പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പിലാക്കാൻ മാനേജുമെന്റുകളുടെമേൽ സമ്മർദ്ദം ചെലുത്തണം. എച്ച്.എം.എൽ-ലെ തോട്ടം ഉടമയുടെ പേരിലുള്ള കേസ് പിൻവലിക്കുന്നതിനെപ്പറ്റി പുനരാലോചിക്കണം. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം വർദ്ധിപ്പിച്ച കൂലി തോട്ടം തൊഴിലാളികൾക്ക് ലഭ്യമാക്കണം. തോട്ടം നിയമങ്ങൾ ലംഘിച്ച് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ കർശന നടപടിയെടുക്കണം. ഇനിയും തുറന്നുപ്രവർത്തിപ്പിക്കാത്ത തോട്ടങ്ങളെ ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിയിൽപ്പെടുത്തി നടപടി സ്വീകരിക്കണം. തേയിലത്തോട്ടം

വ്യവസായത്തെ പ്രതിസന്ധിയിൽനിന്ന് കരകയറ്റുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെ സ്വാഗതം ചെയ്യുന്നു.

ശ്രീ.ബാബു എം. പാലിശ്ശേരി : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിൽ മേഖലയിലെ ചൂഷണവും അരാജകത്വവും അവസാനിപ്പിച്ച് ശാന്തിയും സമാധാനവും പുരോഗതിയും തൊഴിലാളിക്ഷേമവും ഉറപ്പുവരുത്തിക്കൊണ്ടാണ് തൊഴിൽ വകുപ്പ് മുന്നോട്ടുപോകുന്നത്. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് പ്രകാരം തൊഴിലാളിക്ഷേമനിധി ഏർപ്പെടുത്തിയത് ഗവൺമെന്റിന്റെ നേട്ടങ്ങളിൽ ഒന്നാണ്. 18458 പേർക്ക് എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ കൊടുക്കാൻ കഴിഞ്ഞത് അഭിമാനാർഹമായ കാര്യമാണ്. ഉദ്യോഗാർത്ഥികൾക്ക് ഉന്നതപഠനത്തിനും പ്ളെയ്സ്മെന്റിനും ഉപകരിക്കുന്ന വൊക്കേഷണൽ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് എന്ന സ്ഥാപനത്തെ ശാസ്ത്രീകരിച്ച് സമഗ്രമാക്കാൻ നടപടി സ്വീകരിക്കണം. മൾട്ടി സ്കിൽഡ് ലേബേഴ്സിനെ സൃഷ്ടിക്കാൻ ഐ.ടി.ഐ. അടക്കമുള്ള സ്ഥാപനങ്ങളെ നവീകരിക്കാൻ നടപടി സ്വീകരിച്ചു. കുന്ദംകുളത്ത് ഒരു ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. തൊഴിലാളിക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനും കഴിഞ്ഞത് സ്വാഗതാർഹമായ കാര്യമാണ്. ഇ.എസ്.ഐ.കളുടെ പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇ.എസ്.ഐ. മേഖലയിൽ ഓപ്ഷൻ സമ്പ്രദായം ഏർപ്പെടുത്തുന്നത് നല്ല കാര്യമാണ്. എക്സൈസ് ഉദ്യോഗസ്ഥന്മാർക്കുള്ള പരിശീലനം പുനരാരംഭിക്കുകയും 278 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. വ്യാജ അരിഷ്ടം, പാൻപരാഗ് എന്നിവയുടെ വില്പനയ്ക്കെതിരെ കർശന നടപടി സ്വീകരിക്കണം. മദ്യവർജ്ജനത്തിന്

ആവശ്യമായ പ്രചാരണ പരിപാടികൾ ആസൂത്രണം ചെയ്യണം. അമേരിക്കൻ സാമ്രാജ്യത്വത്തിന് കൂട്ടുനിൽക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസത്തിന്റെയും വർഗ്ഗീയതയുടെയും പേരിൽ പാഠപുസ്തങ്ങൾ കത്തിച്ചതിനെ ന്യായീകരിക്കുകയാണ് മുസ്ലീം ലീഗ് ചെയ്യുന്നത്.

<u>പ്രൊഫ. കെ.വി. തോമസ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തൊഴിൽ രംഗത്തും സാമ്പത്തിക രംഗത്തും നിർണ്ണായക പങ്കു വഹിക്കേണ്ട എക്സൈസ്/തൊഴിൽ വകുപ്പുകളിൽ കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞില്ല. തൊഴിൽ രംഗത്തെ പ്രധാന പ്രശ്നമായ നോക്കുകൂലി സംബന്ധിച്ച് സർക്കാർ സമീപനം വ്യക്തമാക്കണം. തിരുവനന്തപുരം അന്തർദേശീയ എയർപോർട്ടിലെ ഫ്ളൈ ഓവറിന്റെ പണി ഉപകരണങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ടുള്ള കൂലിത്തർക്കം കാരണം ആരംഭിക്കാൻ കഴിയാത്തതിന് പരിഹാരമുണ്ടാക്കണം. ഐ.റ്റി.മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിന് നിയമം കൊണ്ടുവരണം. ടൂറിസം രംഗത്തും മറ്റും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഷോപ്പുകളും റെസ്റ്റോറന്റുകളും തുടങ്ങുകയും രാത്രി കാലങ്ങളിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യണം. ഐ.ഐ.റ്റി., ഐ.ടി.ഐ., പോളിടെക്നിക്കുകൾ തുടങ്ങിയവയിൽ നിർമ്മാണ മേഖലയിലെ വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കുന്നതിന് പര്യാപ്തമായിട്ടുള്ള കോഴ്സുകൾ തുടങ്ങണം. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം ഏർപ്പെടുത്തണം. കള്ളുൽപ്പാദനത്തിന് മതിയായ തെങ്ങ് സംസ്ഥാനത്ത്

ലഭ്യമല്ലെന്നിരിക്കെ 4362 കള്ളു ഷാപ്പുകൾ പ്രവർത്തിപ്പിക്കുന്നതിലൂടെ പരോക്ഷമായി സർക്കാർ വ്യാജമദ്യ വിൽപ്പന അനുവദിക്കുകയാണ്. അബ്കാരി നിയമങ്ങൾ ലിബറലാക്കി. ടൂ സ്റ്റാർ ഫെസിലിറ്റി ഇല്ലാതിരുന്നിട്ടും 418 ബാറുകൾക്ക് ലൈസൻസ് കൊടുത്തു. ലളിതാംബിക കമ്മിറ്റി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന ദൂരപരിധി സംബന്ധിച്ച കാര്യം ഗൗരവമായി പരിഗണിക്കണം. മദ്യവർജ്ജനത്തെക്കുറിച്ച് ബോധവൽക്കണം നടത്തണം. മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണം. വ്യാജമദ്യം തടയാൻ നടപടി സ്വികരിക്കണം. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരെ നിഷ്പക്ഷമായി പ്രവർത്തിക്കാൻ അനുവദിക്കണം. കാർഷിക രംഗത്തും പരമ്പരാഗത വ്യവസായ രംഗത്തുമുള്ളവർക്കുള്ള തൊഴിലില്ലായ്മ വേതനം ഫലപ്രദമാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ ഗുരുദാസൻ):</u> ഭരണപക്ഷത്തു നിന്നും പ്രതിപക്ഷത്തു നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വാഗതം ചെയ്യുന്നു. രാജ്യത്തിനകത്തും പുറത്തും നിന്ന് നിക്ഷേപകരെ ആകർഷിക്കാൻ സർക്കാരിന് സാധിച്ചു. പശ്ചാത്തല സൗകര്യങ്ങളായ റോഡ്/റെയിൽ കണക്ടിവിറ്റി വർക്കുകളുടെ കാര്യത്തിൽ പുരോഗതി കൈവരിച്ചുകൊണ്ട് വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിന്റെ പ്രവർത്തനം ആരംഭിച്ചു. എൽ.എൻ.ജി. പദ്ധതി യാഥാർത്ഥ്യമായി. കേരളത്തിൽ സ്മാർട്ട് സിറ്റി പദ്ധതി നിലവിൽ വരുമെന്ന് ഉറപ്പായി. യു.ഡി.എഫ്. ഭരണകാലത്ത് അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയും അവ പുനരുദ്ധരിക്കുന്നതിനുള്ള പ്രക്രിയ ആരംഭിക്കുകയും ചെയ്തു.

നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയെടുക്കുന്ന നയമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. തൊഴിലാളികൾക്ക് മെച്ചപ്പെട്ട ബോണസ് കൊടുത്തു. സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ കോച്ച് ഫാക്ടറിയും ബ്രഹ്മോസ് തുടങ്ങിയ പുതിയ സംരംഭങ്ങളും ആരംഭിക്കാൻ സാധിച്ചു. വ്യവസായവൽക്കരണം ത്വരിതപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പിന്റെയും തൊഴിലാളി വർഗ്ഗത്തിന്റെയും പ്രതിജ്ഞാബദ്ധതയോടെയുള്ള പ്രവർത്തനങ്ങളാണ് വിജയകരമായി മുന്നോട്ടു പോകുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുള്ളത്. എല്ലാ വിഭാഗം തൊഴിലാളികളെയും ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാനും തൊഴിലാളികൾക്ക് മിനിമം വേജസ് ഏർപ്പെടുത്താനുമുള്ള പ്രക്രിയയിലാണ് സർക്കാർ. മെച്ചപ്പെട്ട ഉൽപ്പാദനക്ഷമതയിൽ പരമാവധി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക എന്ന പുതിയ തൊഴിൽ സംസ്ക്കാരമാണ് സർക്കാരിന്റേത്. തൊഴിൽ നിയമങ്ങളിൽ കർശനമായ നിലപാടാണ് സർക്കാർ സ്വികരിക്കുന്നത്. ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് ആക്റ്റിലെ ഒഴിവാക്കപ്പെട്ട വ്യവസ്ഥകൾ പുനഃസ്ഥാപിച്ചു. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ ആരംഭിച്ചു. ഒമ്പത് ഐ.ടി.ഐ.കൾ സെന്റേഴ്സ് ഓഫ് എക്സലൻസായി ഉയർത്തി. കയ്യൂർ, കട്ടപ്പന, ചെന്നീർക്കര, അഴീക്കോട്, കോഴിക്കോട് എന്നീ ഐ.ടി.ഐ.കൾ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ സെന്റേഴ്സ് ഓഫ് എക്സലൻസായി ഉയർത്തും. സി.ഐ.ഐ.-യുമായി ചർച്ച ചെയ്ത് മറ്റ് ഐ.ടി.ഐ.-കൾക്കുള്ള സ്പോൺസർമാരെ നിശ്ചയിക്കുന്നതാണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന രീതിയിൽ ഐ.ടി.ഐ. മേഖല വികസിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നട

ത്തിക്കൊണ്ടിരിക്കുന്നത്. സ്വന്തമായി ഭൂമിയും കെട്ടിടവും ഫർണിച്ചറും തരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കാനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ആധുനികമായ രണ്ട് ട്രേഡുകൾവീതം 22 പുതിയ ഐ.ടി.ഐ.-കളിൽ ആരംഭിക്കാനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. അതിനുവേണ്ടി എട്ട് കോടി മൂന്ന് ലക്ഷം രൂപ ഈ വർഷം ചെലവഴിക്കേണ്ടതിൽ നാല് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുക സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിലൂടെ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കുള്ള ഐ.ടി.ഐ. വികസിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതോടൊപ്പം ഐ.ടി.ഐ.-കളിൽ പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തീവ്രപരിശീലന പരിപാടി എന്ന നിലയിൽ ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കാൻ രണ്ട് കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ ആരംഭിച്ചത് ഈ വർഷവും തുടരുന്നതാണ്. കരകൗശലത്തൊഴിലാളികളുടെ തൊഴിൽനൈപുണ്യം വർദ്ധിപ്പിക്കാനും ജനങ്ങളുടെ അഭിരുചിക്കനുസരിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനും പരിശീലനം നൽകുന്നതിന് ചന്ദനത്തോപ്പ് ഐ.ടി.ഐ.-യിൽ പ്ലാനിംഗ് ബോർഡ് വിഭാവന ചെയ്ത കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡിസൈൻസ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ആവശ്യമായ ക്ലാസ്സുകളും സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തിക്കൊണ്ട് ആ പദ്ധതി ഈ വർഷം വിജയകരമായി

നടപ്പിലാക്കും. കേരളത്തിലെ കരകൗശല ഉൽപ്പന്നങ്ങൾക്ക് സാർവ്വദേശീയ വിപണി കണ്ടെത്താൻ ശ്രമിക്കുന്നതാണ്. വിദേശത്ത് ജോലി തേടിപ്പോകുന്നവർക്ക് അതാത് രാജ്യങ്ങളിലെ തൊഴിൽ സാഹചര്യങ്ങളും തൊഴിൽ നിയമങ്ങളും പഠിപ്പിക്കുന്നതിന് ഒരു ഓറിയന്റേഷൻ-കം-ട്രെയിനിംഗ് പ്രോഗ്രാം ഫോർ സ്കിൽഡ് വർക്കേഴ്സ് ഈ വർഷം ആരംഭിക്കുന്നതാണ്. ഫാക്ടുമായി ചേർന്ന് സംയുക്ത സംരംഭമെന്ന നിലയിൽ കൊച്ചിയിൽ ഒരു ആധുനിക വെൽഡിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഈ വർഷം ആരംഭിക്കുന്നതാണ്. പല തരത്തിലുള്ള ട്രേഡുകളുടെ വികസനത്തിന് 'മോഡുലാർ എംപ്ളോയബിൾ സ്കിൽസ്' എന്ന ഒരു പുതിയ പദ്ധതി പതിമൂന്ന് ഐ.ടി.ഐ.-കളിൽ ആരംഭിക്കുന്നതാണ്. മലമ്പുഴ മണ്ഡലത്തിലെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിപ്പിക്കുന്ന ഇൻസ്ട്രക്ടർമാരെ പരിശീലിപ്പിക്കാൻ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ തുക ദുർവിനിയോഗം ചെയ്തു എന്നുപറഞ്ഞത് സത്യവിരുദ്ധമാണ്. ഇ.എസ്.ഐ. ആശുപത്രികൾ, ഡിസ്പെൻസറികൾ തുടങ്ങിയവയുടെ പ്രവർത്തനത്തിന് നടപടികൾ സ്വീകരിച്ചു. ഏഴ് ആശുപത്രികളുടെ നവീകരണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അഞ്ച് ആശുപത്രികളുടെ മെയിന്റനൻസ് ഇ.എസ്.ഐ. കോർപ്പറേഷനുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ചെയ്യാമെന്ന് സമ്മതിച്ചിട്ടുണ്ട്. രണ്ട് വർഷംകൊണ്ട് 61000 പേരെ ഇൻഷേർഡ് ആളുകളായി ഇ.എസ്.ഐ.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത ഒരു വർഷത്തിനകം ഒരു ലക്ഷം പേരെക്കൂടി ഇ.എസ്.ഐ.-യിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന

ഡിസ്പെൻസറികൾക്കാവശ്യമായ ഭൂമി കൊടുത്താൽ അവിടെയെല്ലാം കെട്ടിടം നിർമ്മിക്കാമെന്ന് കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ട് മൈലത്തും ഏഴംകുളത്തും ഡിസ്പെൻസറികളുടെ കെട്ടിടനിർമ്മാണം ആരംഭിച്ചു. കടമ്പനാട്, പോരുവഴി, പെരിനാട്, കൊരട്ടി, നാവായിക്കുളം എന്നിവിടങ്ങളിൽ സ്ഥലം എടുത്തുകഴിഞ്ഞു. കെട്ടിടനിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കും. ഇ.എസ്.ഐ. കവറേജില്ലാത്ത സ്ഥലങ്ങളിൽ ഇൻഷ്വറൻസ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് എന്നപേരിൽ ഒരു പുതിയ സിസ്റ്റം ഏർപ്പെടുത്തി 120 രൂപ അടയ്ക്കുന്ന ഒരു തൊഴിലാളിക്ക് ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. എൻ.ആർ.എച്ച്.എം.-ന്റെ കീഴിൽ ഇ.എസ്.ഐ. യെക്കൂടി ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആക്ട് ഭേദഗതി ചെയ്യാനുള്ള നടപടിക്ക് കേന്ദ്ര ക്യാബിനറ്റ് യോഗംചേർന്ന് അംഗീകാരം കൊടുക്കുകയും ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്. എല്ലാ വിഭാഗം തൊഴിലാളികൾക്കും ആരോഗ്യ പരിരക്ഷ നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. എ.പി.എൽ./ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും യൂണിവേഴ്സലായിത്തന്നെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കും. കേന്ദ്ര ഗവണ്മെന്റ് പദ്ധതിയായ 'ആം ആദ്മി ഭീമാ യോജന' കേരളത്തിൽ ഒക്ടോബർ രണ്ടിന് നടപ്പിലാക്കുന്നതാണ്. ഭൂമിയില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സ്വാഭാവിക മരണമോ അപകടംമൂലമുണ്ടാകുന്ന മരണമോ അപകടംമൂലം അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം നൽകുന്ന പദ്ധതിയാണിത്. മൂന്ന് ലക്ഷം തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം

ലഭിക്കും. കെ.എസ്.സി.ഡി.സി.-യുടെ നാല് ഫാക്ടറികൾ അടച്ചുപൂട്ടിയത് സംബന്ധിച്ച് അനുകൂലമായ സുപ്രീംകോടതി വിധി വരികയാണെങ്കിൽ ആ ഫാക്ടറികൾ ഏറ്റെടുത്ത് നടത്താൻ കഴിയും. ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് സർവ്വീസസ് ആക്ട് കേരളത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിൽ സമാധാനമുണ്ടെന്ന് അംഗീകരിച്ചുകഴിഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ ഹെഡ്ലോഡ് വർക്കേഴ്സിന്റെ പ്രശ്നം പൂർണ്ണമായി പരിഹരിച്ചു. നോക്കുകൂലി, കടത്തുകൂലി, കെട്ടുകൂലി എന്നിവ പരിപൂർണ്ണമായി അവസാനിപ്പിച്ചു. തൊഴിൽനിയമം എല്ലാ സ്ഥലത്തും കർശനമായി നടപ്പിലാക്കും. ലേബർ യൂണിയൻ വർക്കേഴ്സിന്റെ പ്രശ്നം പരിഹരിക്കും. ട്രേഡ് യൂണിയൻ രജിസ്ട്രേഷനിലും റിട്ടേൺ സൂക്ഷിക്കുന്നതിലുമുള്ള പോരായ്മകൾ പരിഹരിക്കും. തൊഴിലാളി സംഘടനകളുടേയും ഉദ്യോഗസ്ഥരുടേയും സഹകരണത്തോടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ക്ഷേമനിധി ബോർഡുകളുടെ ശുപാർശപ്രകാരം ആനുകൂല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എല്ലാ വിഭാഗം തൊഴിലാളികൾക്കും പെൻഷൻ പദ്ധതി ഏർപ്പെടുത്താനും വാർദ്ധക്യകാല പെൻഷൻ 200 രൂപ വീതം ഏപ്രിൽ ഒന്ന് മുതൽ നൽകാനും തീരുമാനിച്ചിട്ടുണ്ട്. 2008 മാർച്ച് 31 വരെയുള്ള എല്ലാ പെൻഷൻ കുടിശ്ശികകളും കൊടുത്തുതീർത്തു. വിവിധ വിഭാഗം തൊഴിലാളികളുടെ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കണമെന്നുള്ള ബോർഡുകളുടെ നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. സ്വകാര്യ മേഖലയിലെ

തൊഴിലാളികളോടുള്ള മുതലാളിമാരുടെ നിയമനിഷേധം അവസാനിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കും. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഫാക്ടറികൾ നിരോധിക്കുന്നതിനുള്ള ഓർഡിനൻസ് കൊണ്ടുവന്ന് കർശനമായി നടപ്പാക്കുന്നതാണ്. അടഞ്ഞുകിടന്ന തേയിലത്തോട്ടങ്ങളും മിക്കവാറും ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു. കേരള ലാന്റ് റിഫോംസ് ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി അടഞ്ഞുകിടക്കുന്ന ബാക്കി തോട്ടങ്ങൾ കൂടി ഏറ്റെടുക്കുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി 'The Non Resident Kerala Welfare Bill, 2008' എന്ന നിയമത്തിന് രൂപംനൽകിയിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ പ്രസ്തുത ബിൽ പാസ്സാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. എക്സൈസ് വകുപ്പിൽ കഴിഞ്ഞ മൂന്നു മാസത്തെ വരുമാനത്തിൽ മുൻവർഷത്തേതിനെ അപേക്ഷിച്ച് 165 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. 4214 കള്ളുഷാപ്പുകളാണ് ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. നിയമപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് എത്രയും വേഗം നടപ്പാക്കുന്നതാണ്. കള്ളുഷാപ്പുകളിൽ വ്യാജമദ്യമോ സ്പിരിറ്റോ കലർത്തി വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. കള്ള്ചെത്ത് വ്യവസായത്തെ സംരക്ഷിക്കുന്നതിനും ശുദ്ധമായ കള്ള് ലഭ്യമാക്കുന്നതിനും, പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കും. എക്സൈസ് വകുപ്പിൽ നവീകരണത്തിന്റെ ഭാഗമായി

ആഭ്യന്തര വകുപ്പും പോലീസ് വകുപ്പുമായി ചർച്ചചെയ്ത് പിസ്റ്റൽ വാങ്ങുന്നതിനും, ഇൻസ്പെക്ടർ റാങ്ക്വരെയുള്ള ഓഫീസർമാർക്ക് ടെലിഫോൺ സൗകര്യം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷക്കാലമായി നിർത്തിവച്ചിരുന്ന പരിശീലന പരിപാടി പുനരാരംഭിച്ചിട്ടുണ്ട്. വ്യാജമദ്യമുണ്ടാക്കുന്നവരുമായി എക്സൈസ് വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ ബന്ധപ്പെട്ടതായി അറിഞ്ഞാൽ കർശന നടപടി സ്വീകരിക്കും. വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ ഏതാനും ദിവസങ്ങൾക്കകം 148 ജീപ്പുകൾ വാങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഒഴിവുള്ള 838 വേക്കൻസികൾ നികത്തുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും 31 നെതിരെ 77 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.10-ന് പിരിഞ്ഞു.)